# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **125**

**31-01-2018** ൽ മറുപടിയ്ക്ക്

# ചെറുകിട തുറമുഖങ്ങളുടെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എസ്.ശർമ്മ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. എ.പ്രദീപ് കുമാർ | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. കെ.ആൻസലൻ | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) ചെലവ് കുറഞ്ഞ ചരക്ക് ഗതാഗത മാർഗ്ഗമെന്ന നിലയിൽ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിച്ച് ചരക്ക നീക്കം വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ; | (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്ക നീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, വെയിംഗ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ വലിയ ചരക്ക കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിന് ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി Azhikkal Port Pvt. Ltd എന്ന Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചെറു തുറമുഖങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനം, റെയിൽ - റോഡ് കണക്ടിവിറ്റി എന്നിവയുമായി കൈക്കൊണ്ടിട്ടുള്ള നടപടി കൾ എന്തെല്ലാമാണ് ; | (ബി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്ക നീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റയിൽ / റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് Indian Port Rail Corporation നെ ചുമതലപ്പെടുത്താൻ തീരുമാനി ച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം തുറമുഖത്തെ ദേശീയപാത 47-മായി ബന്ധിപ്പിക്കുന്ന 1.12 കി.മീ നീളമുള്ള കൊല്ലം - കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | വടക്കേ മലബാറിന്റെ വികസന സ്വപ്നമായ അഴീക്കൽ തുറമുഖ വികസനം യാഥാർത്ഥ്യമാക്കാനായി നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുമോ ? | (സി) | അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് Azhikkal Port Pvt. Ltd എന്ന Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ